**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 87** **07-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് വിദേശപഠന സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ വി ജോയി,<br>ശ്രീമതി ദെലീമ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ലോകത്തെവിടെയുമുള്ള പുതിയ വിദ്യാഭ്യാസ സമ്പ്രദായങ്ങളും കോഴ്സുകളും സമൂഹത്തിലെ സാധാരണക്കാരായ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വികസന വകുപ്പുകൾ പ്രത്യേകമായ വിദേശപഠന സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ലോകത്തെവിടെയും ഉള്ള പുതിയ വിദ്യാഭ്യാസ സമ്പ്രദായങ്ങളും, കോഴ്സുകളും സമൂഹത്തിലെ സാധാരണക്കാരായ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വികസന വകുപ്പുകൾ വിദേശപഠനത്തിനായി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ വിദേശ പഠനത്തിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) | പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും അവർക്ക് ഉയർന്ന ജോലി ലഭിക്കുന്നതിനും വിദേശപഠന സ്കോളർഷിപ്പ് വളരെയേറെ പ്രയോജനം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 33 പിന്നാക്ക വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിനുള്ള സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. |
| (സി) | എം.ഫിൽ., പി.എച്ച്.ഡി. കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പ്രത്യേക പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ; വിശദാംശം ലഭ്യമാക്കുമോ? | (സി) | എം.ഫിൽ., പി.എച്ച്.ഡി. കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. എം.ഫിൽ., പി.എച്ച്.ഡി. തുടങ്ങിയ കോഴ്സുകളിൽ യു.ജി.സി/ഗേറ്റ് പാസാകാത്ത വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ യു.ജി.സി അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും, കണ്ടിജന്റ് ഗ്രാന്റും നൽകി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം Ph.D, M.Phil സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 33ൽ നിന്ന് 40 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ